# സുസ്ഥിര വികസനത്തിന് – കോർപ്പറേറ്റ് സോഷ്യൽ റസ്പോൺസിബിലിറ്റി : മാറ്റങ്ങൾ അനിവാര്യം

ഡോ. ജോസഫ് എബ്രഹാം

## ആമുഖം

1.1 . ഏതാനും ആഴ്ചകൾക്കു മുൻപ് സമാപിച്ച ജി – 20, കോപ് – 28 സമ്മേളനങ്ങൾ സുസ്ഥിര വികസനമാണ് ലക്ഷ്യമിടുന്നത്. വികസിത/വികസ്വര രാജ്യങ്ങൾ ഏകസ്വരത്തിൽ കാലാവസ്ഥ വ്യതിയാനം, ആഗോള താപീകരണം കുറയക്കൽ, പാരമ്പര്യ/ഇതര ഊർജ്ജ സ്രോതസ്സുകളുടെ ഉപയോഗം സംരക്ഷണം, ഗ്രീൻ ഹൗസ് വാതക നിയന്ത്രണം, സാമൂഹിക സാമ്പത്തിക പിന്നോക്കാവസ്ഥ ബഹുമുഖദാരിദ്ര്യം എന്നിവ ഇല്ലാതാക്കൽ എന്നീ സമസ്ത മേഖലകളിൽ സുസ്ഥിര വികസനം ലക്ഷ്യമിടുന്നു. ആഗോള വൻകിട കോർപ്പറേറ്റുകൾ, ഗവൺമെന്റുകൾ, അന്താരാഷ്ട്ര വികസന ഏജൻസികൾ വികേന്ദ്രീകൃത/പ്രാദേശിക തലങ്ങളിൽ സുസ്ഥിര വികസനം  കൈവരിക്കാൻ ജാഗ്രത കാട്ടുന്നു. ലക്ഷ്യപ്രാപ്തിയ്ക്കായി കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റി ഫണ്ടുകളുടെ (സി.എസ്.ആർ) ഉപയോഗം വർദ്ധിച്ചുവരുന്നു. ഈ പ്രവർത്തനങ്ങൾ മികവുറ്റതാക്കുവാൻ ലാഭേച്ഛയില്ലാതെ വികസന പ്രവർത്തനങ്ങളിൽ ഇടപെടുന്ന സ്ഥാപനങ്ങൾ (എൻ.പി.ഒ) മുഖ്യ പങ്ക് വഹിക്കുന്നു.  സി.എസ്.ആർ, – എൻ.പി.ഒ, സർക്കാർ ഏകോപന സൈനർജികൾ സുസ്ഥിര വികസനം ഉറപ്പാക്കാൻ സഹായകരമാക്കാം.

## 1.2. സി.എസ്.ആർ നിയമം

മികവുറ്റ കോർപ്പറേറ്റ് സോഷ്യൽ റസ്പോൺസിബിലിറ്റി (സി.എസ്.ആർ) പ്രവർത്തനങ്ങൾ നിയമാനുസൃതമായി നടപ്പിലാക്കുന്ന ചുരുക്കം രാജ്യങ്ങളിൽ ഇന്ത്യയുടെ പ്രവർത്തനങ്ങൾ വളരെ ശ്രദ്ധേയമായി മാറിയിരിക്കുന്നു. ഇന്ത്യൻ കമ്പനീസ് ആക്ട് 2013 ന്റെ സെക്ഷൻ 135 സി.എസ്.ആർ. നിയമത്തിന്റെ പ്രത്യേകതകൾ വ്യക്തമായിരിക്കുന്നു. ഷെഡ്യൂൾ ഢകക പ്രകാരം ഏറ്റെടുക്കാവുന്ന പ്രവർത്തനങ്ങളെ ലിസ്റ്റു ചെയ്തിരിക്കുന്നു. നിലവിൽ വളരെ ശ്രദ്ധേയമായ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്ന കോർപ്പറേറ്റ് അനുബന്ധ സി.എസ്.ആർ മേഖലയുടെ വളർച്ച, വ്യാപ്തിയും, ഫലപ്രാപ്തിയും പുനഃപരിശോധനയ്ക്ക് വിധേയമാക്കേണ്ടതുണ്ട്.  സി.എസ്.ആർ മുഖേന നിലവിൽ നടപ്പിലാക്കി വരുന്ന പ്രവർത്തനങ്ങൾ; ഉൾപ്പെടേണ്ട അവികസിത പ്രദേശങ്ങൾ, പിന്നോക്ക വിഭാഗങ്ങൾ, അപ്രതിക്ഷിത കെടുതികൾ എന്നിവയുടെ പ്രശ്നങ്ങൾ അവഗണിച്ചാണ്  ഇവർ മുന്നേറുന്നത്. കോർപ്പറേറ്റുകളുടെ നിലവിലെ സി.എസ്.ആർ. നടത്തിപ്പ് രീതികൾ ലക്ഷ്യപ്രാപ്തിയിൽ എത്താതെ, മികവുകൾ പ്രകടിപ്പിക്കാതെ തുടരുകയാണ്. ലാഭ വിഹിതത്തിന്റെ രണ്ട് ശതമാനം സി.എസ്.ആർ പ്രവർത്തനങ്ങൾ നടപ്പിലാക്കുവാൻ കോർപ്പറേറ്റുകൾ നോൺ പ്രൊഫിറ്റ് ഓർഗനൈസേഷനുകളെ (എൻ.പി.ഒ) ആശ്രയിച്ചു വരുന്ന പ്രവർത്തനശൈലിയ്ക്ക് പുനരുജ്ജീവനവും – പുനപരിശോധനകളും അവശ്യം തന്നെ.

## 1.3 എൻ.പി.ഒ കൾ

ലാഭേച്ഛയില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് (എൻ.പി.ഒ) സാമൂഹിക സ്റ്റോക്ക് എക്സ്ചേഞ്ചുകളിൽ (എസ്.എസ്.ഇ.) പങ്കെടുത്തു വർദ്ധിത വിഭവ സമാഹരണം നടത്തുവാനുള്ള പരിമിതികൾ പലതാണ്. പുതുവിഭവ സമാഹരണം നടപ്പിലാക്കുവാൻ എൻ.പി.ഒ കൾക്കായി പുതിയതായി ലഭ്യമാക്കിയിട്ടുള്ള സംവിധാനങ്ങൾ, ഉപകരണങ്ങൾ, ഫലപ്രദമല്ല. സാമൂഹിക സാമ്പത്തിക പുരോഗതി കൈവരിക്കുന്നതിൽ എൻ.പി.ഒ കൾ നടപ്പിലാക്കി വരുന്ന പ്രവർത്തനങ്ങൾക്ക് സി.എസ്.ആർ ഫണ്ടുകൾ ഫലപ്രദമായി ഉപയോഗിക്കപ്പെടുവാനുള്ള സമീപനങ്ങൾ വ്യക്തവും, സുശക്തവും, സമഗ്രവുമായി മാറ്റേണ്ടതുണ്ട്. മേൽപ്പറഞ്ഞ വിചിന്തനങ്ങൾ പൊതുജന സമക്ഷവും അനുബന്ധ കക്ഷികളുടെയും പ്രത്യേക ശ്രദ്ധക്കായി ഇവിടെ സമർപ്പിക്കട്ടെ. കേരളത്തിലെ മിക്ക എൻ.പി.ഒ കളും മികച്ച പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നുണ്ടെങ്കിലും സി.എസ്.ആർ ഫണ്ടുകൾ വേണ്ടത്ര തോതിൽ ഇവർക്ക് ലഭ്യമാക്കപ്പെടാതെ അവഗണിക്കപ്പെട്ടിരിക്കുന്ന സ്ഥിതിവിശേഷം മാറേണ്ടതുണ്ട്. നിലവിൽ ലഭ്യമാകുന്ന സി.എസ്.ആർ. വിഭവങ്ങൾ സാമുദായിക രാഷ്ട്രീയ ഭരണകേന്ദ്രങ്ങളുടെ താത്പര്യമനുസരിച്ചാണ് ചലിക്കുന്നത്.

## 1.4. സാമൂഹിക പ്രസക്തി

ലാഭേച്ഛയോടെ പ്രവർത്തിക്കുന്ന വൻകിട സാമൂഹിക സ്ഥാപനങ്ങൾക്ക് പൊതു സമൂഹത്തോട് കടമകൾ നിർവഹിക്കുവാനുണ്ട്. സാമൂഹിക സാമ്പത്തിക വെല്ലുവിളികൾ വികസന/വികസ്വര രാജ്യങ്ങളിൽ ഒക്കെ നിലനിൽക്കുന്നുണ്ട്. ദാരിദ്ര്യം, അസമത്വം, ചൂഷണം, പാർശ്വവത്ക്കരണം, മറ്റ് അപ്രക്ഷീത ദുരന്തങ്ങൾ എന്നിവകളെ മറികടക്കാൻ, പ്രതിരോധിക്കാൻ വൻകിട കോർപ്പറേറ്റുകൾ സമൂഹത്തോട് പ്രതിബന്ധത പുലർത്തേണ്ടതുണ്ട്. ഇന്ത്യൻ കമ്പനീസ് ആക്ട് 2013 കോർപ്പറേറ്റുകളുടെ സാമൂഹിക പ്രതിബന്ധതയെ നിയമപരമായി സാധൂകരിച്ചിരിക്കുന്നു. പ്രതിവർഷ ഉത്പ്പാദനം നിശ്ചിത പരിധി കടന്നാൽ ഇവർ മുൻ മൂന്നു വർഷങ്ങളിലെ ശരാശരി വാർഷിക ലാഭത്തിന്റെ 2 ശതമാനം കോർപ്പറേറ്റ് സോഷ്യൽ

റെസ്പോൺസിബിലിറ്റി (സി.എ.സ്.ആർ) പ്രവർത്തനങ്ങൾക്കായി വകയിരുത്തി നടപ്പിലാക്കണം. ഈ പ്രവർത്തനങ്ങൾ സ്വമേധയ/മറ്റ് സാമൂഹിക സംവിധാനങ്ങളിലൂടെയോ ആവണം നിർവഹിക്കുക.

രാജ്യത്ത് ലാഭേച്ഛയല്ലാതെ സാമൂഹിക ഉത്തരവാദിത്വങ്ങൾ, സേവനങ്ങൾ, ക്ഷേമപ്രവർത്തനങ്ങൾ, സുസ്ഥിര വികസനം എന്നിങ്ങനെ പൊതുനന്മ ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന 3.17 മില്ല്യൺ നോൺ പ്രോഫിറ്റ് ഓർഗനൈസേഷനുകൾ (എൻ.പി.ഒ) നിലവിലുണ്ട്. പൊതു ജീവിതത്തിൽ ഏർപ്പെടുന്ന ലാഭേച്ഛയ്ക്കാരും അല്ലാത്തവരും പരസ്പരം കൈകോർത്തു സുസ്ഥിര വികസനം നേടുവാൻ സി.എസ്.ആർ ഫണ്ടുകളിലൂടെ അവസരം ഒരുക്കിയിരിക്കുന്നു.

1.5. നൂതന ഇടപെടൽ

കേന്ദ്ര ഗവൺമെന്റിലെ കോർപ്പറേറ്റ് അഫയേഴ്സ് മന്ത്രാലയത്തിന്റെ (എം.സി.എ) കീഴിൽ സെക്യൂരിറ്റീസ് എക്സേഞ്ചു ബോർഡ് ഓഫ് ഇന്ത്യയുടെ (സെ.ഇ.ബി.ഐ) മേൽനോട്ടത്തിൽ സോഷ്യൽ സ്റ്റോക്ക് എക്സേഞ്ചുകൾ (എസ്.എസ്.ഇ) പുതിയ സംവിധാനമായി കടന്നു വന്നിരിക്കുന്നു. ഇവിടെ ലഭ്യമാക്കിയിരിക്കുന്ന നൂതന ഉപകരണങ്ങൾ, സീറോ കൂപ്പൺ + സീറോ പ്രിൻസിപ്പൽ (ഇസ്ഡ്.സി.ഇസ്ഡ്.പി) സാമൂഹിക ഇംപാക്ട് ബോഡുകൾ (സി.ഇ.ബി) എന്നിവയിലൂടെ ഫലപ്രദമായി എൻ.പി.ഒ കൾക്ക് വിഭവ സമാഹരണം നടത്തുവാൻ കഴിയും എന്നാണ് വിവക്ഷ. എന്നാൽ മിക്ക എൻ.പി.ഒ കൾക്കും പ്രായോഗികവും വിപുലവുമായ തരത്തിലും തോതിലും ഇവ നടപ്പിലാക്കുവാൻ ബഹുദൂരം സഞ്ചരിക്കേണ്ടതുണ്ട് എന്ന് വിശദമാക്കുകയാണിവിടെ.

2.1. 2013 ലെ ആക്ട്

2013 ഇന്ത്യൻ കമ്പനീസ് ആക്ട് ഭാരതത്തിന്റെ വികസന കുതിപ്പിൽ നിർണ്ണായക സ്വാധീനം വരുത്തി. ആക്ടിലെ പല നിബന്ധനകളും സി.എസ്.ആർ പ്രവർത്തനങ്ങൾക്ക് പുതുമാനങ്ങൾ നല്കി. ഈ രംഗത്ത് 2013 ന് വളരെ മുമ്പേ തന്നെ പ്രാഥമിക പ്രവർത്തനങ്ങൾ ആരംഭിച്ചിരുന്നത് വിസ്മരിക്കേണ്ടതില്ല. 2015 ൽ സെബി (എസ്.ഇ.ബി.ഇ) 500 വൻകിട കമ്പനികളോട് ബിസിനസ് റസ്പോൺസിബിലിറ്റി റിപ്പോർട്ടുകൾ തയ്യാറാക്കി സമർപ്പിക്കുവാൻ നിർദ്ദേശിച്ചു. സെബി 2021 ൽ ആയിരം കമ്പനികളോട് എൻവയോൺമെന്റ്ലി സെൻസിറ്റീവ് ഗവേർണൻസ് (ഇ.എസ്.ജി) പരിഗണനകളെ ഉൾക്കൊണ്ട് സുസ്ഥിര വികസന ഘടകങ്ങളെ മാനിച്ച് ബിസിനസ് റിപ്പോർട്ടുകൾ തയ്യാറാക്കണമെന്നു നിഷ്കർഷകൾ നല്കിയിട്ടുണ്ട്. പരിണിതഫലം പബ്ളിക് തലങ്ങളിൽ ലഭ്യമാക്കിയിട്ടില്ല.

2.2. കോർപ്പറേറ്റ് കാര്യ മന്ത്രാലയം

2019 ൽ മിനിസ്ട്രി ഓഫ് കോർപ്പറേറ്റ് അഫയേഴ്സ് (എം.സി.ആർ) പ്രധാനപ്പെട്ട ഇടപെടലുകൾ നടപ്പിലാക്കി, ദേശീയ ആക്ഷൻ പ്ലാൻ തയ്യാറാക്കി, റിപ്പോർട്ടിംഗ്, സിഡ്ക്ലോസർ ഫോർമാറ്റുകൾ നിലവിൽ ലഭ്യമാക്കിയിട്ടുണ്ട്. പക്ഷെ ഇതിൻ പ്രകാരമുള്ള പ്രവർത്തനങ്ങൾ ഉറപ്പാക്കപ്പെടണം.

2.3. അമന്റ്മെന്റുകൾ

2013 മുതൽ 2022 വരെയുള്ള കാലഘട്ടത്തിൽ സി.എസ്.ആർ നിയമങ്ങൾ അഞ്ച് തവണ അമന്റ് ചെയ്തിട്ടുണ്ട്. ഈ പുതുക്കിയ നിബന്ധനകൾ എല്ലാ കമ്പനികൾക്കും ബാധകമാക്കിയിട്ടുണ്ട്. ഇവയിൽ പ്രധാനപ്പെട്ടവ:- (1) സി.എസ്.ആർ. നയം ഉണ്ടാവണം; (2) വെബ്സൈറ്റ് ഉണ്ടാവണം; (3) വെബ്സൈറ്റിൽ സി.എസ്.ആർ നയം, ഫണ്ട് വകയിരുത്തൽ, ചിലവുകൾ എന്നിവ പ്രസിദ്ധിതപ്പെടുത്തേണ്ടതുണ്ട്. ശരാശരി മുൻ മൂന്ന് വർഷങ്ങളിലെ അറ്റാദായത്തിന്റെ 2 ശതമാനം സി.എസ്.ആർ ഫണ്ട് ചിലവാക്കിയിരിക്കണമെന്നും, നിശ്ചിത തുക ചിലവിടാതെ വന്നാൽ പെനാൽറ്റി ഏർപ്പാട് വ്യവസ്ഥകളും നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ ഇവയെ പൂർണ്ണമായി പ്രവർത്തനത്തിലാക്കപ്പെട്ടിട്ടില്ല. ഇവയുടെ നിർബന്ധിത ഏർപ്പാടാക്കൽ, പരിശോധനകൾ ആരംഭിക്കേണ്ടതുണ്ട്.

2.4. കാവലാളർ

സി.എസ്.ആർ. നിബന്ധനകൾ ബാധകമായ കമ്പനികളുടെ പ്രവർത്തനങ്ങളെ അനുധാവനം ചെയ്ത് വരുതിയിലാക്കാൻ എൻ.പി.ഒ കളുടെ നെറ്റുവർക്കുകൾ സദാ ജാഗരൂകരായി നിലകൊള്ളുന്നുണ്ട്. ഈ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നത് കോർപ്പറേറ്റ് റെസ്പോൺസിബിലിറ്റി വാച്ച് (സി.എസ്.ആർ.ഡബ്ല്യു) എന്ന സംവിധാനത്തിലൂടെയാണ്. ഈ ഏകോപനങ്ങൾ നിലവിൽ സമഗ്രമായി നടക്കുന്നില്ല.

2.5. മനുഷ്യൻ – ലോകം – ബിസിനസ്

രണ്ടു തലങ്ങളിൽ പ്രവർത്തിക്കുന്ന, ഫോർ പ്രൊഫിറ്റ് ഓർഗനൈസേഷനുകളും (എഫ്.പി.ഒ.) ലാഭേച്ഛയില്ലാതെ വർത്തിക്കുന്ന സ്ഥാപനങ്ങളും (എൻ.പി.ഒ.) തത്പര ഉത്തരവാദിത്വപ്പെട്ട ബിസിനസ്സുകളിൽ ഇടപെട്ട് ഈ മനുഷ്യജീവിതം സന്തുലിതവും സമഗ്രവുമായി മാറ്റണമെന്നുമുള്ള കാഴ്ചപ്പാടോടെ മുന്നേറണമെന്ന് ഏവരും അംഗീകരിക്കുകയും, ആയ

തിന് സഹായകരമാകുവാൻ ദേശീയ, മാർഗ്ഗ നിർദ്ദേശങ്ങൾ, നിബന്ധനകൾ (എൻ.ജി.ആർ.ബി.സി) പാലിക്കുവാൻ നില വിൽ ലഭ്യമാക്കിയിരിക്കുന്നു. ഇവ നടപ്പിലാക്കുമെന്നത് ഉറപ്പാക്കേണ്ടിയിരിക്കുന്നു.

## 2.6. മൂന്നു മാനദണ്ഡങ്ങൾ

കമ്പനീസ് ആക്ട് 2013 ന്റെ സെക്ഷൻ 125 പ്രകാരം താഴെ നല്കിയിരിക്കുന്ന മൂന്നു നിബന്ധനകളിൽ ഏതെങ്കിലു മൊരു ഇനം ബാധകമാകുന്ന പ്രസ്തുത കമ്പനി ഒരു കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റി കമ്മറ്റി/രൂപീകരിച്ചിരി ക്കണം. ഈ നിർദ്ദിഷ്ട കമ്പനിയിൽ ആവശ്യം നിലവിലെ ബോർഡംഗങ്ങളിലെ മൂന്നോ അതിലധികമോ ഡയറക്ടർമാർ ഉണ്ടാവണം, ഇവരിൽ ഒരാൾക്ക് സ്വതന്ത്ര പദവിയുണ്ടാവണം. സി.എസ്.ആർ നു ബാധകമാകുന്ന മൂന്ന് മാനദണ്ഡങ്ങൾ നല്കട്ടെ:- (1) കമ്പനിയുടെ നെറ്റ് വർത്ത് രൂപ 500 കോടിയോ അതിലുപരിയോ ആവണം; (2) മൊത്ത വാർഷിക വിറ്റുവരവ് രൂപ 1000 കോടിയോ അതിലുപരിയോ ആവണം; (3) വാർഷിക അറ്റാദായം രൂപ 5 കോടിയോ അതിലുപരിയോ ആകണം. ഈ മാനദണ്ഡങ്ങളിൽ ഏതെങ്കിലുമൊരു ഇനം ബാധകമാകുന്ന മുറയ്ക്ക് പ്രസ്തുത കമ്പനി എല്ലാ സാമ്പത്തിക വർഷവും മുൻ മൂന്നു സാമ്പത്തിക വർഷകാലത്തെ അറ്റാദായത്തിന്റെ മിനിമം രണ്ട് (2) ശതമാനം തുക സി.എസ്.ആർ നിയമമനുസ രിച്ച് സാമൂഹിക നന്മയ്ക്കായി ചിലവിടണം. മേൽ പ്രവർത്തനങ്ങൾ നടപ്പിലാകുമ്പോൾ നിശ്ചിത കമ്പനിയുടെ നിലവിലെ പ്രവർത്തന മേഖലകൾ, അനുബന്ധ പ്രാദേശിക വികസന ആവശ്യതകൾ പരിഗണിച്ചായിരിക്കും മുൻഗണനകൾ നടപ്പി ലാക്കേണ്ടത്. മേൽപ്രകാരം പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിൽ നിശ്ചിത കമ്പനി വീഴ്ചവരുത്തിയാൽ ആയതിന് വിശദീ കരണം ലഭ്യമാക്കി പ്രശ്നപരിഹാരം ഉറപ്പാക്കേണ്ടത് ബോർഡിന്റെ ഉത്തരവാദിത്വമാണ്, ഇവയുടെ നടത്തിപ്പ് നിലവിൽ സുതാര്യമായി പരിശോധനകൾക്ക് വിധേയപ്പെടണം.

## 3.1. തൽസ്ഥിതി അവലോകനം

നിലവിൽ 70 ശതമാനം സി.എസ്. ആർ ഫണ്ട് ചെലവുകളും എൻ.പി.ഒ കളെ ആശ്രിയിച്ചാണ്, കോർപ്പറേറ്റുകൾ, വൻകിട കമ്പനികൾ എന്നിവ നിർവഹക്കുന്നത്. ഈ പദ്ധതി നടത്തിപ്പിൽ മിക്ക എൻ.പി.ഒ കൾക്ക് യാന്ത്രികമായ ' പണി യെടുക്കൽ' ഉത്തരവാദിത്വങ്ങളെ ലഭ്യമാവുന്നുള്ളു. ഉടമസ്ഥത, മേൽനോട്ടം എന്നിവ കമ്പനികൾ കൈയ്യടക്കിവയ്ക്കുന്നു. മൊത്തം വകയിരുത്തേണ്ട സി.എസ്.ആർ. ഫണ്ടുകളുടെ 68 ശതമാനം മാത്രമെ നിലവിൽ ചിലവാക്കപ്പെടുന്നുള്ളു. കേന്ദ്രഗവൺമെന്റിന്റെ മിനിസ്ട്രി ഓഫ് കോർപ്പറേറ്റ് അഫയേഴ്സിന്റെ (എം.സി.എ) കണക്ക് പ്രകാരം 2021 ൽ മാത്രം രാജ്യത്ത് മൊത്തം സി.എസ്.ആർ ആയി ചിലവാക്കിയത് 25715 കോടിരൂപയാണ്. ഇത് പ്രതീക്ഷിക്കപ്പെട്ട വകയിരുത്ത ലിന്റെ 50 ശതമാനമെ ആയിട്ടുള്ളു. അതായത് സി.എസ്.ആർ നടത്തിപ്പ് ഭാഗീകമായേ മുന്നേറുന്നുള്ളു. നിലവിലെ ചിലവാ ക്കലുകൾ മുഖ്യമായി; വിദ്യാഭ്യാസം 30%, ആരോഗ്യം 20%, ഗ്രാമ-പ്രകൃതി വികസനം 16%, എന്നീ രംഗങ്ങളിലാണ് കേന്ദ്രീകരി ച്ചിരിക്കുന്നത്. മേൽ പ്രവർത്തനങ്ങൾ നാം അഭിമുഖീകരിച്ചിരിക്കുന്ന സാമൂഹിക വെല്ലുവിളികളെ മറികടക്കുവാനുള്ള നയരൂപീകരണം, അവകാശ സംരക്ഷണങ്ങൾ എന്നിവകൾക്കായി എത്രമാത്രം ഉപകരിച്ചു എന്നത് നാളിതുവരെ സമഗ്ര മായി തിട്ടപ്പെടുത്താത്തത് പോരായ്മയായി വെല്ലുവിളിയുർത്തുന്നു. നടപ്പിലാക്കിയ പ്രവർത്തനങ്ങൾ ഭാഗീക ഇടപെടലു കളെ കൈവിട്ട് സമഗ്രതയിലേക്ക് കടന്നിട്ടില്ലതന്നെ. സുസ്ഥിര വികസനലക്ഷ്യങ്ങൾ നേടുന്നതിൽ പ്രകൃതി സംരക്ഷണം വേണ്ടത്ര നടത്തിപ്പ് പ്രാധാന്യം കൈവരിക്കേണ്ടതുണ്ട്.

## 3.2. പിന്നോക്ക ജില്ലകൾ

രാജ്യത്തെ പിന്നോക്ക/വികസനം കേഴുന്ന ജില്ലകളിൽ സി.എസ്.ആർ ഫണ്ടുകളുടെ ഉപയോഗം നീതി ആയോ ഗിന്റെ കണക്കുകൾ പ്രകാരം മനുഷ്യ വിഭവ സൂചകത്തിലെ (എച്ച്.ഡി.ഐ) പ്രധാന ഘടകങ്ങളായ ആരോഗ്യം, പോഷക ആഹാരം, വിദ്യാഭ്യാസം, സാമ്പത്തിക സംയോജനം ഉൾപ്പെടുത്തൽ എന്നീ ഇനങ്ങളിലായി 2018-2020 കളിൽ മൊത്തം ചില വിട്ടത് യഥാക്രമം 233; 308; 104 കോടി വീതം രൂപയാണ്. രാജ്യത്തെ മൊത്തം പിന്നോക്ക/വികസനം കേഴുന്ന/കൊതി യ്ക്കുന്ന മൊത്തം 82 ജില്ലകളിൽ, 15 ശതമാനം ജില്ലകൾ സി.എസ്.ആർ ഫണ്ട് ചിലവാക്കലിന്റെ 60 ശതമാനവും നേടി. അതിലുപരി നിലവിൽ 55 ശതമാനം അസ്പിരേഷൻ ജില്ലകൾ ഉൾപ്പെടുന്ന സംസ്ഥാനങ്ങൾക്ക് സി.എസ്.ആറിന്റെ 25 ശത മാനമേ ലഭിക്കുന്നുള്ളു. ഇത് പിന്നോക്ക ജില്ലകളുടെ മേൽ നിലനിൽക്കുന്ന വികസന ഇടപെടലുകളിലെ അസന്തുലിതാവ സ്ഥയുടെ നേർക്കാഴ്ചകളെ പ്രതിഫലിപ്പിക്കുന്നു, ഇവിടെ സാമ്പത്തിക രാഷ്ട്രീയ വിവേചനം തുടർക്കഥയാകുന്നു.

## സി.എസ്.ആർ – എൻ.പി.ഒ. സൈനർജികൾ: സുസ്ഥിര വികസന കുതിപ്പിന്

(ഭാഗം – 2)

### 4. നടത്തിപ്പ് – നിരീക്ഷണ – പരിഷ്ക്കാരങ്ങൾ

മേൽ 3 തലങ്ങളിൽ ഏർപ്പാടാക്കേണ്ട സുപ്രധാന മാറ്റങ്ങൾ ലഭ്യമാക്കട്ടെ:– (1) കമ്പനികളുടെ സി.എസ്.ആർ നടത്തിപ്പ് വിശദാംശങ്ങൾ പൊതുസമൂഹത്തിന് ലഭ്യമാക്കൽ, അനുബന്ധ തുടർ നടപടികളുടെ ഫലപ്രാപ്തി എന്നിവ ഉറപ്പാക്കാൻ, അംഗീകൃത സംവിധാനങ്ങളുടെ കുറവ് നിലനിൽക്കുന്നു; (2) കമ്പനികൾ സി. എസ്. ആർ നടത്തിപ്പ്, നിരീക്ഷണങ്ങൾ സ്വമേധയാ നടപ്പലാക്കി വിശദാംശങ്ങൾ പൊതുസമൂഹത്തിന് ലഭ്യമാക്കുക എന്ന സമീപനം ഫലപ്രദമായിട്ടില്ല. ആയതിനാൽ ഈ ഉത്തരവാദിത്വങ്ങൾ ഇതര നിലവിലെ ഏജൻസികളെ/പുതിയ സംവിധാനങ്ങളെ ഏല്പിക്കേണ്ടതുണ്ട്; (3) കേന്ദ്ര/സംസ്ഥാന ഗവൺമെന്റ് കമ്പനികളുടെ സി.എസ്.ആർ നടത്തിപ്പ് പരിശോധനകൾ ഫലപ്രദമായി നടപ്പിലാക്കുവാൻ പുതിയ സ്ഥായിയായ സംവിധാനങ്ങൾ ഉണ്ടാവേണ്ടതുണ്ട്; (4) സി.എസ്.ആർ പ്രവർത്തനങ്ങൾ സമഗ്രമായി നടപ്പിലാക്കുവാൻ കമ്പനീസ് ആക്ട് നിബന്ധനകൾ മാത്രം മതിയാവും എന്ന കമ്പനികളുടെ മനോഭാവം മാറ്റിയെടുക്കേണ്ടതുണ്ട്. ഇതിലേയ്ക്ക് പാർലമെന്റ്/ജുഡിഷ്യറി/ഗവൺമെന്റ് എന്നിവകളുടെ നൂതന ക്രിയാത്മക ഇടപെടലുകൾ വൈകാതെ കടന്നുവരുമെന്ന് പ്രതീക്ഷിക്കാം.

#### 4.1. സുപരിചിതത്വം സ്വീകാര്യത

സെബി നിർദ്ദേശിച്ചിരിക്കുന്ന ചട്ടക്കൂടിനുള്ളിൽ നിന്നുകൊണ്ട് കമ്പനികൾ/സാമൂഹിക സംരഭങ്ങൾക്ക്/സ്ഥാപനങ്ങൾക്ക് ആൾട്ടർനേറ്റ് ഇൻവെസ്റ്റ്മെന്റ് (എ.ഐ.എഫ്) ഫണ്ടുകളിലൂടെ എൻ.പി.ഒ കൾക്കും ലാഭേച്ഛയുള്ള കമ്പനികൾക്കും (എഫ്.പി.ഒ) വിഭവ സമാഹരണം നടത്തുവാൻ വ്യാപകവും വിപുലവുമായ സാദ്ധ്യതകൾ ലഭ്യമാക്കി നൂതന മുന്നേറ്റം സൃഷ്ടിച്ചിരിക്കുന്നു. എന്നാൽ വളരെ വിപുലമായ ഇന്ത്യയുടെ ധനകാര്യ മാർക്കറ്റുകളിൽ മേൽ സംവിധാനങ്ങൾ, ഉപകരണങ്ങൾ, വിജയകരമായി നടപ്പിലാക്കുവാൻ എഫ്.പി.ഒ. കൾക്ക്, എൻ.പി.ഒ കൾക്ക് ബഹുദൂരം സഞ്ചരിക്കേണ്ടതുണ്ട്. ഈ പുതു പാതകളിൽ ആവേശമായി പുതിയ ഉപകരണങ്ങളായി കടന്നുവന്നിരിക്കുന്നു; ഔട്ട് കം ഫണ്ടർ (ഒ.എഫ്) റിസ്ക് ഫണ്ടർ (ആർ.എസ്), ട്രേഡിംഗ് ഇൻ. സി. എസ് ആർ (റ്റി.സി.എസ്.ആർ) ഫണ്ടുകൾ, സി.എസ്. ആർ ക്രെഡിറ്റുകൾ, മുതലായവ വിപുലമായ തോതിൽ/തലങ്ങളിൽ കോർപ്പറേറ്റ്/എൻ.പി.ഒ. മേഖലകളിൽ സുപരിചിതത്വവും സ്വീകാര്യതയും നേടേണ്ടതുണ്ട്.

### 5. പ്രാദേശിക പ്രസക്തി

കമ്പനീസ് ആക്ടിലെ സെക്ഷൻ 135 അനുസരിച്ച് കമ്പനികൾ/കോർപ്പറേറ്റുകൾ സി.എസ്.ആർ ഫണ്ടുകൾ വകയിരുത്തി നടപ്പിലാക്കി വരുന്ന വികസന പ്രവർത്തനങ്ങളുടെ ഭാഗമായി മാറുന്ന വിഭാഗങ്ങളുടെ/ഇരകളായവരുടെ/ഗുണഭോക്താക്കളുടെ അധോഗതി, ഹാനികരമായ മേൽ സ്വാധീനങ്ങൾ, കഷ്ടനഷ്ടങ്ങൾ എന്നിവയ്ക്ക് പരിഹാരം/ആശ്വാസം നല്കേണ്ടതുണ്ട്. ഒന്നാമതായി, ഇതു ഉറപ്പാക്കുന്നതിൽ പൊതുവെ നാം പരാജയം സമ്മതിച്ചേ തീരു. എങ്കിലും നല്ല രീതിയിൽ സമാശ്വസങ്ങളും മികവുറ്റ നടത്തിപ്പ് രീതികളുടെ ആവിർഭാവവും ഏർപ്പാടാക്കലും സി.എസ്.ആർ ക്രെഡിറ്റിംഗ് – ട്രേയ്ഡിംഗുകളുടെ ആവിർഭാവം ഉപകരിക്കുമെന്നാണ് കരുതുന്നത്. രണ്ടാമതായി, ചെറിയ എൻ.പി.ഒ കളെ പൊതുവെ വൻകിട സി.എസ്.ആർ. ബാധകമായ കമ്പനികൾ അവഗണിക്കുവാൻ സാദ്ധ്യതയുണ്ട്. ഇതു മറികടക്കുവാൻ അനുയോജ്യമായ നിബന്ധനകൾ, പരിധികൾ ആവിഷ്ക്കരിക്കേണ്ടതുണ്ട്. ഉദാഹരണത്തിന് ചെറിയ തുക സി.എസ്.ആർ ആയി വകയിരുത്തുന്ന സ്ഥാപനങ്ങൾ ചെറുകിട എൻ.പി.ഒ കൾക്ക് ഫണ്ടു ലഭ്യമാക്കുന്ന തരത്തിലാവണം ഇടപെടൽ. പക്ഷേ ഇതിൽ വേണ്ടത്ര പുരോഗതി നാളിതുവരെ ലഭ്യമാക്കിയിട്ടില്ല.

### 6. സുസ്ഥിര പരിഗണനകൾ

(1). കോർപ്പറേറ്റ്– ബിസിനസ് പ്രവർത്തനങ്ങൾക്ക് വിധേയമാവുന്ന പ്രൊജക്ട് ബാധക ജനങ്ങൾ, പ്രദേശങ്ങൾ, പ്രശ്നങ്ങൾ, വിഭാഗങ്ങൾ എന്നിവകളുടെ അഭിപ്രായം കേൾക്കുവാനും പരാതി പരിഹാര സംവിധാനങ്ങൾ കൂടുതലായി ഉണ്ടാവുകയും കാര്യക്ഷമമായി പ്രവർത്തിക്കുകയും ചെയ്യേണ്ടതുണ്ട്.

(2). സി.എസ്.ആർ തുക വകയിരുത്തി ചിലവിടുമ്പോൾ ബന്ധപ്പെട്ട എഫ്.പി.ഒ കമ്പനിയും അനുബന്ധ എൻ.പി.ഒ. കളും നിലവിലെ ദേശീയ/പ്രാദേശിക നിയമങ്ങൾ അനുസരിക്കുവാൻ സന്നദ്ധരാകണം.

(3). ദുർബല/പിന്നോക്ക/അർഹതപ്പെട്ട വിഭാഗങ്ങൾ/പ്രദേശങ്ങളുടെ ആവലാതികൾ, പ്രശ്നങ്ങൾ പരിഹരിക്കുന്ന തിന് മുൻഗണന നൽകേണ്ടതുണ്ട്.

(4). ബിസിനസ്സ്/സംരംഭക ഇടപെടലുകൾ, മനുഷ്യാവകാശങ്ങൾ എന്നിവ സംരക്ഷിക്കുന്നതിനോടൊപ്പം ഭൂമിയു ടേയും, പ്രപഞ്ചത്തിന്റെയും മറ്റ് ജീവജാലങ്ങളുടെയും അവകാശങ്ങൾ മനസിലാക്കി സംരക്ഷിക്കുകയും, അംഗീകരിക്കു കയും ചെയ്താവണം നടപ്പിലാക്കുവാൻ.

*7. സുസ്ഥിര ബിസിനസ്*

എൻ.പി.ഒ കളും സി.എസ്.ആർ കമ്പനികളും പരസ്പരം ഏകികൃതമായി–കൈകോർത്ത് വർത്തിക്കുന്നത് സുസ്ഥിര ബിസിനസ് എന്ന ലോക കാഴ്ചപ്പാട് ഉരുത്തിരിയുവാൻ സഹായിച്ചിട്ടുണ്ട്. യു.എൻ. ന്റെ ആഭിമുഖ്യത്തിൽ നടപ്പ ലാക്കി വരുന്ന പ്രവർത്തനങ്ങളുടെ പരിണിതഫലമായി അംഗ രാജ്യങ്ങൾ പ്രത്യേക മാർഗ്ഗ നിർദ്ദേശങ്ങൾ സന്നദ്ധ പ്രവർത്തകർക്കും സി.എസ്.ആറുകൾക്കുമായി രൂപപ്പെടുത്തി വരുന്നത് ശുഭ സൂചകങ്ങളാണ്. സുസ്ഥിര ബിസിനസ് വികസനം എന്ന കാഴ്ചപ്പാടിന് പ്രോത്സാഹനം ഏറിവരികയാണ്.

*8. ലളിത–സുഗമ–വത്ക്കരണം*

സി.എസ്.ആർ ബാധക കമ്പനികൾക്ക് അവരുടെ നിശ്ചിത പ്രവർത്തനമേഖലകൾ പ്രശ്നബാധിതമായി മാറ്റാതെ ലളിതവും സുഗമവുമായി വർത്തിക്കുവാൻ ഉതകുന്നവയായിരിക്കണം. നിശ്ചിത പ്രവർത്തനങ്ങളിലൂടെ ലഭ്യമാകുന്ന സേവനം സൃഷ്ടിക്കുന്ന സ്വാധീനങ്ങൾ മികവുറ്റവയാകേണ്ടതുണ്ട്. നടത്തിപ്പ് ചിലവുകൾ ക്രമേണ കുറച്ചുകൊണ്ട് മുന്നേറു കയാവണം പ്രധാന മാനദണ്ഡം. ഭരണനിർവ്വഹണ ചിലവുകൾ കമ്പനികൾക്കും നടത്തിപ്പ് ഏജൻസികൾക്കും ഏറ്റവും കുറഞ്ഞ തോതിലാവണം. വകയിരുത്തേണ്ടി വരുന്ന സി.എസ്.ആർ. തുകകളുടെ വലുപ്പം–ചെറുപ്പം അനുപാതം അനുസ രിച്ച് പ്രത്യേക നടത്തിപ്പ് ഇളവുകൾ/ശിക്ഷണങ്ങൾ/നിബന്ധനകൾ രൂപീകരിക്കേണ്ടതുണ്ട്. തനതു വർഷം, ചിലവിടാൻ പറ്റാതെ വരുന്ന ഫണ്ടുകൾ വരും വർഷങ്ങളിൽ ചിലവിടുന്ന രീതി, സാഹചര്യം കരുതേണ്ടിയിരിക്കുന്നു. കമ്പനികൾക്ക് സി.എസ്.ആർ ന്റെ നടത്തിപ്പ് സുഗമമായി, സുതാര്യമായി ഏർപ്പാടിലാക്കാൻ മികവുറ്റ സ്വകാര്യ ഏജൻസികൾ, എൻ.പി.ഒ കൾ എന്നിവകളെ ചുമതലപ്പെടുത്തുന്നത് ഉപകാരപ്രദമായിരിക്കും. മികവുറ്റ എൻ.പി.ഒ കളെ കണ്ടെത്തി നിയമിക്കുന്ന തിന് നിശ്ചിത യോഗ്യതകളും തെരഞ്ഞെടുപ്പ് രീതികളും പൊതുവിൽ ലഭ്യമാവേണ്ടതുണ്ട്. മികച്ച എൻ.പി.ഒ കളെ കണ്ടെ ത്തുന്നതിന് ഇവകളുടെ ഡേറ്റാ ബാങ്ക്, പ്രൊഫഷണൽ മികവ് എന്നിവ കമ്പനികൾക്ക്/സമൂഹത്തിന് ലഭ്യമാക്കേണ്ടതുണ്ട്. ഇപ്രകാരമുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിൽ കേന്ദ്ര കോർപ്പറേറ്റ് അഫയേഴ്സ് മന്ത്രലയ ഇടപെടലുകൾ വൈകുന്നു.

*9. സുസ്ഥിര–വികസനം–പൊതുനന്മ*

(1) മേൽ മൂന്ന് രംഗങ്ങളിലും കോർപ്പറേറ്റുകളുടെ/കമ്പനികളുടെ അനുഭവ സമ്പത്ത്, കഴിവുകൾ എന്നിവകളെ വർദ്ധിത തോതിൽ ഉപയോഗപ്പെടുത്തുവാൻ കഴിയേണ്ടതുണ്ട്. നിലവിലെ സാദ്ധ്യതകൾ ഭാഗീകമായെ ഉപയോഗപ്പെടുത്തിയി ട്ടുള്ളു. (2) സി. എസ്. ആർ ബാധകമായ കമ്പനികളുടെ ഭരണ സമിതികൾ/ബോർഡുകളുടെ സ്വാതന്ത്ര്യത്തെ ഹനിക്കാതെ ഇവർ സ്വമേധയാ പാർശ്വവത്ക്കരണം, ചൂഷണം, വേരറുക്കപ്പെട്ടവർ, ദരിദ്രർ എന്നീ വിഭാഗങ്ങളുടെ സുഹൃത്തുക്കളും വഴി കാട്ടികളുമായി വർത്തിക്കുമെന്ന് പ്രതീക്ഷിക്കുന്നത് നല്ലത്, പക്ഷേ ഇവയുടെ നടപ്പാക്കലിന് സമ്മർദ്ദങ്ങൾ സൃഷ്ടിക്കാതെ ഇവകളുടെ 'മാർക്കറ്റുകൾ' പ്രവർത്തിക്കില്ലതന്നെ. (3) വൻകിട–ചെറുകിട കമ്പനികൾക്ക് സി.എസ്.ആർ നടപ്പിലാക്കു വാൻ ഒരേ മാനദണ്ഡങ്ങൾ നിശ്ചയിച്ചിരിക്കുന്നത് പല പ്രായോഗിക തടസങ്ങൾ, പ്രത്യേകിച്ച് ചെറുകിട കമ്പനികൾക്ക് ക്ലേശ കരം ആയിരിക്കുന്നു. (4) അതാതു വർഷങ്ങളിലെ ബാധകമായ സി.എസ്.ആർ ഫണ്ടുകൾ തനതു വർഷം തന്നെ ചിലവി ടാതെ വന്നാൽ ബാധകമാകുന്ന വിനിയോഗ നിബന്ധനകൾ വ്യക്തമാക്കേണ്ടതുണ്ട്. (5) നടത്തിപ്പ് ചിലവുകൾക്ക് നിശ്ചയി ച്ചിരിക്കുന്ന കൂടിയ പരിധി, നിലവിലെ 5 ശതമാനത്തിൽ നിന്നും ഉയർത്തേണ്ടതുണ്ട്. (6) നോൺ പ്രൊഫിറ്റ് ഓർഗനൈ സേൻഷനുകൾക്ക് സി.എസ്.ആർ ഫണ്ട് വിനിയോഗത്തിൽ മുന്തിയ പരിഗണന ലഭ്യമാക്കേണ്ടതുണ്ട്. എൻ.പി.ഒ–സിഎസ്. ആർ സിനർജികൾ വർദ്ധിത തോതിൽ ലഭ്യമാക്കുകയും പ്രവർത്തനക്ഷമവും ആക്കേണ്ടതുമാകുന്നു. (7) പൊതുന ന്മ–സുസ്ഥിര വികസനം ലക്ഷ്യമിട്ട് വർത്തിക്കുമ്പോൾ എല്ലാ തലങ്ങളിലും സുതാര്യത, ബോധവത്ക്കരണം, പേർത്തുവ യ്ക്കൽ, വിവരാവകാശം എന്നീ തലങ്ങളിൽ വിശദാംശങ്ങൾ ലഭ്യമാക്കി മികവുറ്റതും സമയബന്ധിതവുമായി നടപ്പിലാക്കുന്ന തിൽ വലിയ തോതിൽ ക്രിയാത്മക മുന്നേറ്റങ്ങൾ ഉണ്ടാവേണ്ടതുണ്ട്. (8) കമ്പനി/ബോർഡുകൾ എല്ലാം തികഞ്ഞ

*പ്രവർത്തനം നടപ്പിലാക്കുമെന്നത് പൊതുവെ അംഗീകാരം നേടിയിട്ടില്ല. ബോധപൂർവ്വമുള്ള തട്ടിപ്പ്/അഴിമതി/കള്ളകണക്കുകൾ നൽകുന്ന സ്ഥാപനങ്ങളെ കണ്ടെത്തി നേർവഴിയ്ക്ക് നടത്തുവാനുള്ള സംവിധാനങ്ങൾ/പരിഗണനകൾ ശക്തിപ്പെടുത്തുക അനിവാര്യം. (9) മനുഷ്യ വിഭവശേഷി – വികസനം – ഉപയോഗപ്പെടുത്തൽ/ഉറപ്പാക്കലുകൾക്ക് സി.എസ്.ആർ,എൻ.പി.ഒ. പാരസ്പര്യത്തിന്റെ സൈനർജ്ജികൾ വിപുലമായി ഉപകരിക്കണം. (10) ജി. 20 നയം ഭവസുദൈവകുടുംബകം' കാഴ്ചപ്പാട് അനുകരണീയ മാതൃകയായി 'ഭാരതം' പരിഗണിച്ച് അവതരിപ്പിച്ചിരിക്കുകയല്ലേ.*

*10. സുസ്ഥിര – സമന്വയം*

*സുസ്ഥിര വികസനം, വസുദൈവകുടുംബകം എന്നിവ ലോകകാഴ്ചപ്പാടും മാനവീയത ലക്ഷ്യവുമാണ്. ലാഭേച്ഛയില്ലാതെ ഭാരതത്തിന്റെ രാജ്യ പുനർനിർമ്മാണത്തിനായി സമർപ്പിത സംഭാവനകൾ അനേകായിരം എൻ.പി.ഒ/എൻ.ജി.ഒ. കൾ നല്കി വരുന്നു. ഇവരുടെ പ്രവർത്തനങ്ങൾക്ക് ഊർജ്ജം പകരുവാൻ കോർപ്പറേറ്റു– ഭീമന്മാരുടെ, വൻകിട കമ്പനികളുടെ, ഗവൺമെന്റുകളുടെ സി.എസ്.ആർ ഫണ്ടുകൾ ക്രിയാത്മകമായി ഉപയോഗപ്പെടുത്തുവാൻ നിരന്തര സമന്വയ പ്രവർത്തനങ്ങൾ ഉണ്ടാവണം. ഈ മേഖലയിൽ കടന്നുവരുന്ന ചൂഷണവും വിഭാഗിയതയും രാഷ്ട്രീയ വത്ക്കരണവും വിഭവശോഷണം എന്നിവ തുടരാൻ അനുവദിക്കരുത്. ജി– 20, കോപ്– 28 സമ്മേളനങ്ങൾ സുസ്ഥിര വികസനത്തിനായി നല്കുന്ന സൂചനകളും ദിശാബോധവും നമുക്ക് മാനവ രാശിയുടെ നന്മയക്കായി സ്വാംശീകരിക്കാം. –*

**************